(എ) സംസ്ഥാനത്താകെ ഇപ്പോൾ എത്ര അൺ എയ്ഡഡ് സ്കൂളുകൾ നിലവിലുണ്ട്;

(ബി) ഇവയിൽ എത്ര അൺ എയ്ഡഡ് സ്കൂളുകൾക്കാണ് അംഗീകാരം നൽകാൻ തീരുമാനിച്ചത്;

(സി) അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് എത്ര സി. ബി. എസ്. ഇ. സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്;

(ഇ) പ്രസ്തുത സ്കൂളുകളുടെ മറവിൽ ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഭാഗികമായി അംഗീകാരമുള്ളതും തീരെ അംഗീകാരമില്ലാത്തതുമായ രണ്ടായിരത്തിലധികം സ്കൂളുകൾ പ്രവർത്തിക്കുന്നതായി കണക്കാക്കുന്നു.

(ബി) ഇത് സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 2004 വരെ 396 സ്കൂളുകളായിരുന്നു നിലവിലുണ്ടായിരുന്നത്.

(ഇ) ഇല്ല.

(എഫ്) സി. ബി. എസ്. ഇ. സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ എൻ. ഒ. സി. നൽകിവരുന്നുണ്ട്. എൻ. ഒ. സി. നൽകുന്നത് നിർത്തിവയ്ക്കാൻ ഉദ്ദേശിക്കുന്നില്ല.

അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം

155 [738] *ശ്രീ. ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിൽ എത്ര സ്കൂളുകൾക്കാണ് അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് മാനദണ്ഡങ്ങൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം

156 [739] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*
,, *മത്തായി ചാക്കോ:*
,, *മഞ്ഞളാംകുഴി അലി:*
,, *എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) അംഗീകാരമില്ലാത്ത സ്കൂളുകളെ സംബന്ധിച്ച് എന്തെങ്കിലും സർവ്വേ നടത്തിയിരുന്നോ; എങ്കിൽ എത്ര സ്കൂളുകൾ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്;

(സി) അംഗീകാരത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ഡി) എത്ര സ്കൂളുകൾക്ക് അംഗീകാരം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഇ) അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് നിലവിലുള്ള സർക്കാർ എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനത്തെ ബാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ഭാഗികമായി അംഗീകാരമുള്ളതും തീരെ അംഗീകാരം ഇല്ലാത്തതുമായ ഏകദേശം 2000 സ്കൂളുകൾ ഉണ്ടെന്ന് മനസ്സിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly